# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:77 **11.03.2015** – ൽ മറുപടിക്ക്

## വരൾച്ചയും കുടിവെള്ള പ്രശ്നവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.യു.കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി.എഫ്.തോമസ്<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) വരൾച്ചയെ നേരിടാൻ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(എ) വേനൽക്കാല ജലശോഷണം കണക്കിലെടുത്ത്, കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ, അത് തരണം ചെയ്യുന്നതിനായി താഴെ പറയുന്ന നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം.
2. കേടായ പമ്പ്സെറ്റുകളുടെ അറ്റകുറ്റപ്പണികൾ.
3. പമ്പ്സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ.
4. വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക.
5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ്ലൈനുകൾ നീട്ടുക.
6. തകരാറിലായ പൈപ്പുലൈനുകൾ മാറ്റുക.
7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്കു വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേക്ക് തിരിച്ചു വിടുകയും ചെയ്യുക.
8. ഇൻഫിൽട്രേഷൻ ഗാലറി, കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുകയും

കുഴൽ കിണറുകൾ ഫ്ളഷ് ചെയ്യുകയും ചെയ്യുക.

9. വാൽവുകൾ നിയന്ത്രിച്ചും, പമ്പിംഗ് സമയം ക്രമീകരിച്ചും നിശ്ചിതസമയം കുടിവെള്ളം നൽകുക മുതലായവ.

സംസ്ഥാനത്ത് വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്നതിന് ഹാൻഡ് പമ്പുകൾ റിപ്പയർ ചെയ്യുന്നതിനും പുതിയ കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനും നിലവി ലുള്ള പദ്ധതികൾ നവീകരിക്കുന്നതിനും ഭൂജലവകുപ്പ് ഉദ്ദേശിക്കുന്നു.

വരൾച്ച നേരിടുന്നതിനായി മണൽചാക്കിട്ടു വെള്ളം ഒഴുകിപോകാതെ താൽക്കാലിക തടയണ കെട്ടുക, കുളങ്ങൾ മുതലായവയുടെ പുനരുദ്ധാരണം നടത്തുക, കനാലുകളിൽ അടിഞ്ഞിട്ടുള്ള ചെളി നീക്കം ചെയ്യുക, കനാലുകൾ നവീകരിക്കുക, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരുദ്ധരിക്കുക, ഉപ്പ് വെള്ളം കയറുന്നത് തടയാൻ താൽക്കാലിക ബണ്ടുകൾ ഇടുക എന്നീ ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതിയിൽ ഉൾപ്പെടുത്തി ചെക്ക്ഡാം നിർമ്മാണവുമാണ് ജലസേചന വകുപ്പ് ഫണ്ട് ലഭ്യത അനുസരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

ജലസേചന വകുപ്പ്, ഭൂജലവകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നിവയ്ക്ക് ആവശ്യമായ തുക അനുവദിക്കുന്നത് സർക്കാർ പരിഗണിച്ച് വരികയാണ്.

| | | | |
|---|---|---|---|
| (ബി) | തീരദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | തീരദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിയ്ക്കുന്നതിന് കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.<br>ഭൂജലവകുപ്പിന്റെ ആഭിമുഖ്യത്തിൽ തീരദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ കൊല്ലം ജില്ലയിൽ 6 കുടിവെള്ള പദ്ധതികളുടെയും ആലപ്പുഴ ജില്ലയിൽ 2 കുടിവെള്ളപദ്ധതികളുടെയും പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. |
| (സി) | വരൾച്ചക്കാലത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ വിപുലമായ പദ്ധതികൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | ഇക്കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# കേരള വാട്ടർ അതോറിറ്റി

## തീരദേശത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ

| ക്രമ നം. | പദ്ധതിയുടെ പേര് | ജില്ല | ഭരണാനുമതി ലഭിച്ച തുക | തൽസ്ഥിതി |
|---|---|---|---|---|
| 1 | കല്ലിയൂർ-വെങ്ങാനൂർ പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതി ഘട്ടം (1) & (2) | തിരുവനന്തപുരം | 1500 ലക്ഷം<br>2223 ലക്ഷം | 50% പണി പൂർത്തിയായി. 3-ാം ഘട്ടം ഭരണാനുമതി ലഭ്യമാകണം |
| 2 | അടിമലത്തുറ-പൂവാർ കരുംകുളം തീരദേശമേഖല (KSCADC) | തിരുവനന്തപുരം | 524 ലക്ഷം | ടെൻഡർ നടപടികൾ നടന്നുവരുന്നു. |
| 3 | വലിയവേളി തീരദേശ മേഖല (KSCADC) | തിരുവനന്തപുരം | 21.31 ലക്ഷം | പണി പൂർത്തീകരിച്ചു. |
| 4 | വലിയതുറ, ചെറിയതുറ ശംഖുമുഖം മേഖലകളിലേയ്ക്കുള്ള പദ്ധതി | തിരുവനന്തപുരം | 300 ലക്ഷം | പണി നടന്നുവരുന്നു. 60% പൂർത്തിയായി. |
| 5 | തുമ്പ മത്സ്യത്തൊഴിലാളി ഗ്രാമം, കഠിനംകുളം പഞ്ചായത്ത് | തിരുവനന്തപുരം | 160.03 ലക്ഷം | KSCADC കീഴിൽ 50% പൂർത്തീകരിച്ചു. |
| 6 | പുതുക്കുറിച്ചി തീരദേശ മേഖലയിലേയ്ക്കുള്ള പദ്ധതി | തിരുവനന്തപുരം | 169.59 ലക്ഷം | KSCADC കീഴിൽ 60% പൂർത്തീകരിച്ചു. |
| 7 | വിഴിഞ്ഞം തീരദേശമേഖലയിലേയ്ക്കുള്ള കുടിവെള്ള പദ്ധതി | തിരുവനന്തപുരം | - | വിഴിഞ്ഞം തുറമുഖത്തിനായുള്ള കുടിവെള്ള പദ്ധതിയിൽ നിന്നാണ്. ഈ സ്കീമിലേയ്ക്ക് വെള്ളം ലഭ്യമാക്കുന്നത്. |
| 8 | നീണ്ടകര തീരദേശ മേഖലയിലേയ്ക്കുള്ള കുടിവെള്ള പദ്ധതി | കൊല്ലം | 280.13 ലക്ഷം | ടെൻഡർ നടപടികൾ നടന്നുവരുന്നു. (KSCADC) |
| 9 | ശക്തികുളങ്ങര മത്സ്യത്തൊഴിലാളി ഗ്രാമത്തിലേയ്ക്കുള്ള കുടിവെള്ള പദ്ധതി | കൊല്ലം | 212.50 ലക്ഷം | ടെൻഡർ നടപടികൾ നടന്നുവരുന്നു. (KSCADC) |
| 10 | മുതാക്കരതീരദേശമേഖലയിലേയ്ക്കുള്ള കുടിവെള്ള പദ്ധതി | കൊല്ലം | 67 ലക്ഷം | ടെൻഡർ നടപടികൾ നടന്നുവരുന്നു. (KSCADC) |
| 11 | തങ്കശ്ശേരി തീരദേശമേഖലയിലേയ്ക്കുള്ള ഉപരിതല ടാങ്കിന്റെ നിർമ്മാണം | കൊല്ലം | 84 ലക്ഷം | ടെൻഡർ നടപടികൾ നടന്നുവരുന്നു. (KSCADC) |
| 12 | തങ്കശ്ശേരി തീരദേശമേഖലയിലേയ്ക്കുള്ള പമ്പിംഗ് മെയിനിന്റേയും വിതരണ ശൃംഖലയുടെയും നിർമ്മാണം | കൊല്ലം | 32 ലക്ഷം | എം.എൽ.എ. യുടെ ആസ്തിവികസനഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 13 | UIDSSMT – ആലപ്പുഴയ്ക്കും അനുബന്ധവില്ലേജുകളിലേയ്ക്കുള്ള പദ്ധതി | ആലപ്പുഴ | 9194 ലക്ഷം | 85% പൂർത്തിയായി. മേയ് 2015 നോടുകൂടി പണി പൂർത്തിയാകും. |
| 14 | ജന്റം പദ്ധതി | എറണാകുളം | 201.17 ലക്ഷം | 97% പണികൾ പൂർത്തീകരിച്ചു. |
| 15 | KSCADC - മാനാശ്ശേരി ഫിഷിംഗ് വില്ലേജിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി | എറണാകുളം | 105.43 ലക്ഷം | പൈപ്പ് ലൈനിന്റെ പണികൾ 95% പൂർത്തീകരിച്ചു. ബാക്കി ഘടകങ്ങളായ പമ്പ് സെറ്റിന്റെ പണികൾ നടന്നുവരുന്നു. സോൺ 2 ന്റെ ടെണ്ടർ നടപടികൾ നടന്നു വരുന്നു. |
| 16 | സസ്റ്റൈനബിൾ ഫിഷിംഗ് വില്ലേജ് ചെല്ലാനത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി | എറണാകുളം | 650.00 ലക്ഷം | പൈപ്പ് ലൈനിന്റെ പണികൾ (450 mm DI K9) പൂർത്തീകരിച്ചു വരുന്നു. |
| 17 | ജിഡ ഫിഷറീസ് എടവനക്കാട് കുഴിപ്പിള്ളി കുടിവെള്ള പദ്ധതി | എറണാകുളം | RE-2159.60 ലക്ഷം | ഭാഗികമായി പൂർത്തീകരിച്ചു. |
| 18 | ജിഡ എളങ്കുന്നപ്പുഴ ഞാറയ്ക്കൽ | എറണാകുളം | 5685.00 ലക്ഷം | OHSR ന്റെ പണികൾ ഒഴിച്ച് ബാക്കി പണികൾ പൂർത്തീകരിച്ചു. |
| 19 | വടക്കേക്കര സെൻസസ് ടൗൺ | എറണാകുളം | 294.23 ലക്ഷം | പൂർത്തീകരിച്ചു. |
| 20 | UIDSSMT ആലപ്പുഴയിലേയ്ക്കും സമീപ പ്രദേശങ്ങളിലേയ്ക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി | ആലപ്പുഴ | 193.50 ലക്ഷം | 80% പൂർത്തീകരിച്ചു. |
| 21 | KSCADC - ഫിഷറീസ് കണ്ടല്ലൂർ വില്ലേജുനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി | ആലപ്പുഴ | 120.75 ലക്ഷം | എസ്റ്റിമേറ്റ് ഈ ഓഫീസിൽ പരിശോധനയിലാണ്. |
| 22 | KSCADC - തൃക്കുന്നപ്പുഴ ആറാട്ടുപുഴ വില്ലേജിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി | ആലപ്പുഴ | 141.00 ലക്ഷം | സാങ്കേതിക അനുമതി അനുവദിച്ചു. |
| 23 | KSCADC-ആറാട്ടുപുഴ വില്ലേജിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി | ആലപ്പുഴ | 132.74 ലക്ഷം | സാങ്കേതിക അനുമതി അനുവദിച്ചു. |
| 24 | KSCADC-കൈപ്പമംഗലത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി | തൃശ്ശൂർ | 103.73 ലക്ഷം | പണി പുരോഗതിയിലാണ്. |
| 25 | KSCADC- ബ്ലാങ്ങാട് വില്ലേജിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി | തൃശ്ശൂർ | 45.00 ലക്ഷം | പൂർത്തീകരിച്ചു. |
| 26 | KSCADC - പൊയ്യ വില്ലേജിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി | തൃശ്ശൂർ | 139.00 ലക്ഷം | സാങ്കേതിക അനുമതി അനുവദിച്ചു. |
| 27 | KSCADC - കടപ്പുറം കുടിവെള്ള പദ്ധതി | തൃശ്ശൂർ | 26.80 ലക്ഷം | പൂർത്തീകരിച്ചു. |
| 28 | എടക്കാട് മത്സ്യഗ്രാമ കുടിവെള്ള പദ്ധതി | കണ്ണൂർ | 122.00 ലക്ഷം | |
| 29 | അഴിക്കോട് മത്സ്യഗ്രാമ കുടിവെള്ള പദ്ധതി | കണ്ണൂർ | 225.00 ലക്ഷം | |

| | | | | |
|---|---|---|---|---|
| 30 | ചാലിൽ ഗോപാൽപേട്ട മത്സ്യഗ്രാമ കുടിവെള്ള പദ്ധതി | കണ്ണൂർ | 130.75 ലക്ഷം | |
| 31 | മഞ്ചേശ്വരം പഞ്ചായത്തിലെ മത്സ്യഗ്രാമ കുടിവെള്ള പദ്ധതി | കാസർഗോഡ് | 142.60 ലക്ഷം | ഭരണാനുമതി ലഭിച്ചു. |
| 32 | ഉദുമ പഞ്ചായത്തിലെ കാട്ടിക്കുളം മത്സ്യഗ്രാമ കുടിവെള്ള പദ്ധതി | കാസർഗോഡ് | 130.00 ലക്ഷം | ഭരണാനുമതി ലഭിച്ചു. |
| 33 | വലിയപറമ്പ മത്സ്യഗ്രാമ കുടിവെള്ള പദ്ധതി | കാസർഗോഡ് | 108.00 ലക്ഷം | ഭരണാനുമതി ലഭിച്ചു. |
| 34 | മംഗൽപ്പാടി പഞ്ചായത്തിലെ മത്സ്യഗ്രാമ കുടിവെള്ള പദ്ധതി | കാസർഗോഡ് | 162.00 ലക്ഷം | ഭരണാനുമതി ലഭിച്ചു. |
| 35 | മൊഗ്രൽ പുത്തൂർ പഞ്ചായത്തിലെ കടപ്പുറം മത്സ്യഗ്രാമ കുടിവെള്ള പദ്ധതി | കാസർഗോഡ് | 15.00 ലക്ഷം | ഭരണാനുമതി ലഭിച്ചു. |
| 36 | നിറമരുതൂർ ഗ്രാമ പഞ്ചായത്തിലെ മത്സ്യഗ്രാമ കുടിവെള്ള പദ്ധതി | മലപ്പുറം | 23.75 ലക്ഷം | |
| 37 | വെട്ടം പഞ്ചായത്തിലെ പുറവണ്ണ മത്സ്യഗ്രാമ കുടിവെള്ള പദ്ധതി | മലപ്പുറം | 52.45 ലക്ഷം | |
| 38 | താനൂർ പഞ്ചായത്തിലെ താനൂർ മത്സ്യഗ്രാമ കുടിവെള്ള പദ്ധതി | മലപ്പുറം | 200.00 ലക്ഷം | |
| 39 | പൊന്നാനി മുനിസിപ്പാലിറ്റിയിലെ കടമ്പനാട് ഭാഗത്തേക്കുള്ള ശുദ്ധജല വിതരണപദ്ധതി | മലപ്പുറം | 20.00 ലക്ഷം | |
| 40 | പൊന്നാനി മുനിസിപ്പാലിറ്റിയിലെ തീരദേശപ്രദേശങ്ങളിലേക്കുള്ള പദ്ധതി | മലപ്പുറം | 37.8 ലക്ഷം | |
| 41 | വെട്ടം തലക്കാട് എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ളപദ്ധതി | മലപ്പുറം | 10 കോടി | ശുദ്ധീകരണശാല, ഉപരിതലസംഭര( എന്നിവയുടെ പ്രവൃത്തികൾ ടെൻഡർ ( പടി പുരോഗമിച്ചു. |
| 42 | പരപ്പനങ്ങാടി മത്സ്യഗ്രാമ കുടിവെള്ള പദ്ധതി അഭിവൃദ്ധിപ്പെടുത്തൽ | മലപ്പുറം | 100 ലക്ഷം | 25% പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| 43 | ആലുങ്കൽ മത്സ്യഗ്രാമ കുടിവെള്ള പദ്ധതി | മലപ്പുറം | 36.72 ലക്ഷം | ടെൻഡർ നടപടികൾ പുരോഗമിച്ചു ( ന്നു. |
| 44 | വള്ളിക്കുന്ന് പഞ്ചായത്തിലെ അരിയല്ലൂർ കുടിവെള്ള പദ്ധതി | മലപ്പുറം | 69.55 ലക്ഷം | |
| 45 | KSCADC - ഏലത്തൂർ മത്സ്യഗ്രാമ കുടിവെള്ള പദ്ധതി | കോഴിക്കോട് | 163 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു. |
| 46 | KSCADC - മാറാട് മത്സ്യഗ്രാമ കുടിവെള്ള പദ്ധതി | കോഴിക്കോട് | 70 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു. |
| 47 | അഴിയൂർ പഞ്ചായത്തിലെ 13-ാം വാർഡിലേക്കുള്ള കുടിവെള്ള പദ്ധതി | കോഴിക്കോട് | 35.69 ലക്ഷം | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 48 | കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ തീരദേശ കുടിവെള്ള പദ്ധതി | കോഴിക്കോട് | 120 ലക്ഷം | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 49 | പയ്യോളി പഞ്ചായത്തിലെ 15, 16, 17, 18 വാർഡുകളിലേക്കുള്ള കുടിവെള്ള പദ്ധതി | കോഴിക്കോട് | 86 ലക്ഷം | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ